**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 299** **22-06-2026-ൽ മറുപടിയ്ക്ക്**

## <u>തൊഴിലുറപ്പ് പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നിലവിൽ എത്ര കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിച്ച് കഴിയുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കേന്ദ്രസർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ എപ്രകാരമാണ് ഈ മേഖലയെ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. നിലവിൽ 40,50,950 കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും അതിൽ 12,52,946 കുടുംബങ്ങൾ 2025-26 വർഷം തൊഴിൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇത് വരെ 6,25,900 കുടുംബങ്ങൾ ജോലി ചെയ്തിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) അവിദഗ്ധ വേതനച്ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിച്ചിരുന്ന സ്ഥാനത്ത്, പുതിയ പദ്ധതിയായ VB-G RAM G- യിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും (60:40) എന്ന അനുപാതത്തിലാണ് ഫണ്ട് നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ, സംസ്ഥാനങ്ങളുടെ യഥാർത്ഥ തൊഴിൽ ആവശ്യകത (Labour Budget) പരിഗണിച്ച് ഫണ്ട് നൽകിയിരുന്ന മുൻപ് നിലവിലിരുന്ന അവകാശാധിഷ്ഠിത രീതിക്ക് പകരം, കേന്ദ്രം ചില സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ഒരു തുക മാത്രം അനുവദിക്കുന്ന രീതിയിലേക്ക് (Normative Allocation) മാറിയിരിക്കുന്നു. ഈ നിശ്ചിത പരിധിക്ക് മുകളിൽ വരുന്ന എല്ലാ അധികച്ചെലവുകളും പൂർണ്ണമായും അതത് സംസ്ഥാനങ്ങൾ തന്നെ വഹിക്കണമെന്ന് കർശനമാക്കിയത് സംസ്ഥാന സർക്കാരുകൾക്ക് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കും. അതോടൊപ്പം കാർഷിക കാലങ്ങളിൽ തൊഴിലാളികളെ ലഭ്യമാക്കാൻ ഒരു വർഷത്തിൽ 60 ദിവസങ്ങൾ പദ്ധതി നിർത്തിവെക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. ഇത്തരം ദിവസങ്ങളിൽ പദ്ധതി പ്രകാരം ഉള്ള തൊഴിൽ ലഭ്യത ഉണ്ടാകില്ല.

**(ബി)** തൊഴിലുറപ്പ് പദ്ധതി മഹാത്മാഗാന്ധിയുടെ പേരിൽ നിലനിർത്തുന്നതിനും കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഭേദഗതി ചെയ്തുകൊണ്ട് പാർലമെന്റ് 'വികസിത് ഭാരത്- ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ- ഗ്രാമീൺ' (VB-G RAM G) നിയമം 21.12.2025 ന് പാസാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 11.05.2026-ലെ ഗസറ്റ്

വിജ്ഞാപനങ്ങൾ നം. S.O. 2383 (E) പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) പിൻവലിച്ചു കൊണ്ടും S.O. 2382 (E) പ്രകാരം വികസിത് ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ആക്റ്റ് 2026 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ ആക്കി കൊണ്ടും കേന്ദ്രം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ നിയമം ആയതുകൊണ്ട് തന്നെ മഹാത്മാഗാന്ധിയുടെ പേര് നില നിർത്തുന്നതിന് സംസ്ഥാന സർക്കാരിനു പരിമിതികൾ ഉണ്ട്.

VB-G RAM G – യിൽ ഒരു കുടുംബത്തിനു വർഷത്തിൽ 125 തൊഴിൽ ദിനങ്ങൾ കേന്ദ്രം ഉറപ്പു പറയുന്നുണ്ട്. ആയത് പ്രകാരം പരമാവധി കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതാണ്.

**(സി)** തൊഴിലുറപ്പു പദ്ധതിയുടെ കേന്ദ്രവിഹിതം നിലവിൽ കുടിശ്ശികയുണ്ടോ;ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** തൊഴിലുറപ്പു പദ്ധതിയുടെ കേന്ദ്ര വിഹിതത്തിൽ 16.06.2026 വരെ അഡ്മിൻ ഘടകത്തിൽ ₹114.76 കോടിയും മെറ്റീരിയൽ ഘടകത്തിൽ ₹450.47 കോടിയും കുടിശ്ശിക ഉണ്ട്. കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാരുമായി ബന്ധപെട്ട് സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**